(എ) കേരള വാട്ടർ അതോറിറ്റിക്ക് സമാന്തരമായി ജലവിതരണ പദ്ധതികൾ തുടങ്ങുന്നതിനായി ലോകബാങ്ക് നിബന്ധനയോടെയുള്ള "ഏജൻസി" ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ലോകബാങ്ക് നിബന്ധന പ്രകാരം ജലവിതരണ പദ്ധതികൾ സമാന്തര ഏജൻസി മുഖാന്തിരം നടപ്പിലാക്കുകയാണെങ്കിൽ ജലത്തിന്റെ വില നിലവിൽ ഉള്ളതിനേക്കാൾ വർദ്ധിക്കുവാൻ ഇടയുണ്ടോ;

(സി) കേരള വാട്ടർ അതോറിറ്റിക്ക് ജലവിതരണത്തിന് എ.ആർ.പി. (കേന്ദ്രസഹായം) എൽ.ഐ.സി. രാജിവ്ഗാന്ധി വാട്ടർ മിഷൻ തുടങ്ങിയ ഏജൻസികൾ നൽകുന്ന ധനസഹായം സമാന്തര ഏജൻസിക്ക് കൈമാറുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ജലവിതരണ പദ്ധതികളും സമാന്തര ഏജൻസികൾക്ക് ശുദ്ധജലവിതരണ പദ്ധതികളുടെ സ്ഥാപനവും കൈമാറുകയാണെങ്കിൽ ഇത് കേരള വാട്ടർ അതോറിറ്റിക്കും അതിലെ ജീവനക്കാർക്കും എന്തെങ്കിലും തരത്തിൽ ദോഷകരമാകുവാൻ ഇടയുണ്ടോ?

ഉത്തരം

(എ) ഇല്ല. എന്നാൽ തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ നാല് ജില്ലകളിലെ ഗ്രാമപ്രദേശങ്ങളിൽ ലോകബാങ്ക് സഹായത്തോടുകൂടിയും പഞ്ചായത്തുകളുടേയും ഉപഭോക്താവിന്റേയും സഹകരണത്തിലും ചെറുകിട പദ്ധതികൾ നടപ്പിലാക്കുന്നതിന് കേരള ഗ്രാമീണ ജലവിതരണ ശുചീകരണ ഏജൻസി എന്ന പേരിൽ ഒരു സ്വയംഭരണ സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) വെള്ളം സംഭരിച്ച് ശുചീകരിച്ച് വിതരണം നടത്തുന്നതിന് കിലോലിറ്ററിനുണ്ടാകുന്ന ചെലവ് വാട്ടർ അതോറിറ്റിക്ക് ഉള്ളതിനേക്കാൾ കുറയാനാണ് സാധ്യത. എങ്കിലും ഓരോ പദ്ധതിയും ചെലവാകുന്ന മൂലധനം, നടത്തിപ്പ് ചെലവ് ഇവ അനുസരിച്ച് ഉപഭോക്താവ് നൽകുന്ന വിലയിൽ വ്യത്യാസം ഉണ്ടാകാവുന്നതാണ്.

(സി) ഇല്ല.

(ഡി) ദോഷകരമാകാൻ സാദ്ധ്യതയില്ല.

27 (1849) വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള കോൺട്രാക്ട് സംവിധാനത്തിൽ മാറ്റം

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള കോൺട്രാക്ട് സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മാറ്റം വരുത്തുന്നതിനുള്ള ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മാറ്റം വരുത്തുമ്പോൾ നിലവിലുള്ള കോൺട്രാക്ടർമാർക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ എത്ര രജിസ്റ്റേർഡ് കോൺട്രാക്ടർമാർ ജോലി നോക്കുന്നുണ്ട്; ഇവരുടെ ക്ലാസ്സ് തിരിച്ചുള്ള എണ്ണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്നുകോടി രൂപയിൽ കൂടുതൽ എസ്റ്റിമേറ്റ് തുക വരുന്ന ശുദ്ധ ജല വിതരണ പദ്ധതികളുടെ ഉറവിടം മുതൽ വിതരണ ശൃംഖല ആരംഭിക്കു ന്നതുവരെയുള്ള എല്ലാ ഘടകങ്ങളും ഒരുമിച്ച് പരിചയസമ്പന്നതയുള്ള ഒരു കോൺട്രാക്ടറെ ദർഘാസ് മുഖേന ഏൽപ്പിക്കുകയും ഗുണനിലവാരം ഉറപ്പു വരുത്തുകയും ചെയ്യുന്ന എഞ്ചിനീയറിംഗ്, സംഭരണ, നിർമ്മാണ, മാനേ ജ്മെന്റ് (ഇ.പി.സി.എം) എന്ന ആധുനിക കോൺട്രാക്ട് സംവിധാനം നടപ്പി ലാക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ഒരു ശുദ്ധജലവിതരണ പദ്ധതിയുടെ വിവിധ ഘടകങ്ങളാണ് ഉറവിടം, പമ്പുഹൗസുകൾ, ജലശുദ്ധീകരണശാല, ജലസംഭരണികൾ പമ്പിംഗ് മെയിൻ, ട്രാൻസ്മിഷൻ മെയിൻ, വിതരണ ശൃംഖല, മെക്കാനിക്കൽ ഇലക്ട്രി ക്കൽ സംവിധാനങ്ങൾ എന്നിവ നിലവിലുള്ള രീതി അനുസരിച്ച് ഈ ഘടക ങ്ങൾ വിവിധ കോൺട്രാക്ടർമാർ മുഖേനയാണ് നടപ്പിലാക്കുന്നത്. ഏതെ ങ്കിലും ഒരു ഘടകം കോൺട്രാക്ടറുടെ അനാസ്ഥമൂലം പൂർത്തിയാകാതെയാ യാൽ അത് ആ പദ്ധതിയെ മൊത്തമായി ബാധിക്കുകയും പദ്ധതി കമ്മീഷൻ ചെയ്ത് ജലവിതരണം നടത്താൻ സാധിക്കാതെയും ചെയ്യുന്നു ഇത്തരം ഒട്ടേറെ പദ്ധതികൾ മുടങ്ങികിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ ഈ സാഹച ര്യങ്ങൾ ഒഴിവാക്കി കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കേണ്ട ആവശ്യകത മുന്നിൽകണ്ട് വിതരണശൃംഖല ഒഴികെയുള്ള ഘടകങ്ങളെല്ലാം ഒരൊറ്റ കോൺട്രാക്ട് മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചു. ഈ സമ്പ്രദായം മറ്റു സംസ്ഥാനങ്ങളിൽ വിജയമായി കണ്ടതിനാൽ ആണ് ഇവിടെയും ഇതു നടപ്പിലാക്കുവാൻ തീരുമാനിച്ചത്.

(ഡി) മൂന്നുകോടി രൂപയിൽ കൂടുതൽ എസ്റ്റിമേറ്റ് തുക വരുന്ന പദ്ധ തികൾ മാത്രമാണ് ഇ.പി.സി.എം എന്ന പുതിയ കോൺട്രാക്ട് രീതി അനുസ രിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതേ രീതി അനുസരിച്ചുള്ള പദ്ധതിക ളുടെ വിതരണ ശൃംഖല നിലവിലുള്ള കോൺട്രാക്ട് രീതി അനുസരിച്ചുത ന്നെയാണ് നടപ്പിലാക്കുന്നത്. ആയതിനാൽ നിലവിലുള്ള കോൺട്രാ ക്ടർമാർക്ക് വിതരണശൃംഖലയുടെ പണിയും മൂന്നുകോടി രൂപയിൽ കുറ വുള്ള പദ്ധതികളുടെ പണിയും ഏറ്റെടുക്കാം. മാത്രമല്ല യോഗ്യതയുള്ള കോൺട്രാക്ടർമാർക്ക് ഇ.പി.സി.എം കോൺട്രാക്ട് രീതിയിൽ പണി ചെയ്യാം.

(ഇ) കേരള വാട്ടർ അതോറിറ്റിയിൽ 1606 രജിസ്ട്രേർഡ് കോൺട്രാക്ടർമാർ ഉണ്ട്. ഇവരുടെ ക്ലാസ്സ് തിരിച്ചുള്ള എണ്ണം താഴെ കൊടു ക്കുന്നു.

എ ക്ലാസ്സ് -259

ബി ക്ലാസ്സ് - 223

LIBRARY ARCHIVES Kerala Legislative Assembly

സി ക്ലാസ്സ് - 1045
ഡി ക്ലാസ്സ് - 79

28 (1852) വടകര വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്താതെ കിടക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അർഹതപ്പെട്ടവരെ പ്രമോട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കേരള വാട്ടർ അതോറിറ്റിയിലെ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരുടെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധികരിക്കാത്തത് എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) കേസ്സ് നിലവിലുള്ളതുകൊണ്ടാണെങ്കിൽ ഈ കേസ്സുമായി ബന്ധപ്പെടാത്ത ഐ.ടി.ഐ.കാട്ടയിൽപ്പെടുന്നവരെ പ്രമോട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ പി.എസ്.സി.വഴി നിയമിക്കുന്നതിനുവേണ്ടി മാറ്റിവെയ്ക്കപ്പെട്ടവയാണ്. ആ ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകി നിയമിക്കാനാവില്ല. പി.എസ്.സി. നിയമനംവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നാല് താൽക്കാലിക നിയമനം മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ.

(സി) പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദ് ചെയ്ത ലിസ്റ്റിൽപ്പെട്ടവരാണ് കേരള വാട്ടർ അതോറിറ്റിയിലെ ഐ.ടി.ഐ. സർട്ടിഫിക്കറ്റ് ഉള്ളവർ ഉൾപ്പെടെയുള്ള എല്ലാ ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരും, കോടതി നിർദ്ദേശിച്ച പ്രകാരം പുതിയ ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി പൂർത്തികരിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു ശേഷം മാത്രമേ പ്രമോഷൻ നൽകാൻ സാധിക്കുകയുള്ളൂ.

29 (1857) മഞ്ചേശ്വരം മണ്ഡലത്തിൽ കടൽഭിത്തി നിർമ്മാണം

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ എവിടെയൊക്കെ കടൽഭിത്തി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly